(ഡി, ഡി) കമ്പനിയിലെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുക പതിവാണ്.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

ടി. സി. സി.-യിലെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കാൻ നടപടി

8 [2145] ശ്രീ. സുജു പ്രോം: തൊഴിൽ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി തരികയുണ്ടോ:

(എ) സംസ്ഥാന പൊതുമേഖലയിലെ ടി. സി. സി.-യിലെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് ദീർഘകാല കരാർ കൈവരുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓഫീസർമാർക്ക് പുതിയതായി കൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(സി) നിലവിലുള്ള കരാറിന്റെ മുൻകാല പ്രാബല്യത്തിൽ തൊഴിലാളികൾക്ക് നഷ്ടപ്പെട്ട കാലയളവ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) തൊഴിലാളികൾക്ക് കൊടുത്ത അഡ്വാൻസ് തിരികെ പിടിക്കുന്നത് ഒഴിവാക്കി ബാദ്ധ്യത അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ദീർഘകാല കരാർ പുതുക്കുന്നതിനും തൊഴിലാളികളുടെ ആവശ്യങ്ങൾ പരിഗണിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ജീവനക്കാർക്ക് കൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾ തന്നെയാണ് ഓഫീസർമാർക്ക് പുതിയ ശമ്പള പരിഷ്കരണത്തിൽ നൽകിയിട്ടുള്ളത്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) 1.7.2003 മുതൽ അനുവദിച്ച ദീർഘകാല കരാറിനു പുറമെ ചില ഉപാധികളോടെ 1.4.2000 മുതൽ മുൻകാല പ്രാബല്യം നൽകി ഇതിന്റെ ഉത്തരവായിട്ടുണ്ട്. വീണ്ടും ദീർഘകാല കരാർ ഉടൻ തന്നെ പുതുക്കുന്ന കാര്യം പരിഗണിച്ചിട്ടില്ല.

നിലമ്പൂർ താലൂക്ക് വ്യവസായ ഓഫീസ് പ്രവർത്തനം ആരംഭിക്കുവാൻ നടപടി

9 [2146] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, കെ. എൻ. എ. ഖാദർ:
,, സി. മമ്മൂട്ടി:

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക് കുരിക്കൾ:
നിലകൊള്ളുന്നു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിൽ, താലൂക്ക് വ്യവസായ ഓഫീസ് ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലമ്പൂർ താലൂക്കിലെ പ്രധാന നഗരമായ വണ്ടൂർ ടൗണിലുള്ള ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന ഇൻഫർമേഷൻ സെന്ററിൽ, പുതുതായി സ്റ്റാഫിനെ നിയമിക്കാതെ ജില്ലയിൽ തന്നെയുള്ള അധിക സ്റ്റാഫിനെ ഉപയോഗിച്ച് പുതിയ താലൂക്ക് വ്യവസായ ഓഫീസ് പ്രവർത്തനം ആരംഭിക്കണമെന്ന് നാട്ടുകാരിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്റ്റേറ്റ് ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ മലപ്പുറം ജില്ലാ കമ്മിറ്റിയുടെ നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) ഈ കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ബീഡി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച കമ്മീഷൻ

10 [2147] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ബീഡി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച കമ്മീഷന്റെ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ;

(ബി) കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ബീഡി വ്യവസായ രംഗത്തെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ പ്രവർത്തനം പൂർത്തിയായിട്ടില്ല.

പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

11 [2148] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly